**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2683** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും പാർപ്പിടവും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായ ഭവന, ഭൂരാഹിത്യം പരിഹരിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ കുടുംബങ്ങളുടെ ഭവന ഭൂരാഹിത്യം പരിഹരിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ലയെ മാറ്റാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ സ്വന്തമായി ഭൂമിയില്ലെന്ന് കണ്ടെത്തിയിരുന്ന 13 പേരിൽ 9 പേർക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരവും 2 പേർക്ക് വനാവകാശ നിയമ പ്രകാരവും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 2 പേരിൽ ഒരാൾ മരണപ്പെട്ടിട്ടുള്ളതും മറ്റൊരാൾ ജില്ല വിട്ടുപോവുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി നിലവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വനാവകാശ നിയമപ്രകാരവും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരവും എത്ര പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 ഉണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടിക ഗോത്രവർഗ്ഗ പുനരധിവാസ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായിട്ടാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. ആദിവാസി പുനരധിവാസ വികസന |

| | | | |
|---|---|---|---|
| | | | **മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ഏറ്റെടുത്ത ഭവനങ്ങളുടെ പൂർത്തീകരണം വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും തുക അനുവദിച്ച് നടപ്പിലാക്കിവരുന്നു. ആയതുപ്രകാരം 7540 വീടുകൾ ഏറ്റെടുത്തതിൽ നാളിതുവരെ 3461 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ലൈഫ് മിഷൻ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം, അഡീഷണൽ ലിസ്റ്റ് എന്നിവയിൽ ഉൾപ്പെടുത്തി 30533 വീടുകൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുകയും ആയതിൽ നാളിതുവരെ 23637 വീടുകൾ പൂർത്തീകരിച്ചിട്ടുമുണ്ട്. 2021–22 വർഷം ഭവന പുനരുദ്ധാരണം / നവീകരണ പദ്ധതിയിൽ സൗകര്യം കുറഞ്ഞ വീടുകളുടെ നവീകരണത്തിനും, ദുർബലമായ ഭവനങ്ങളുടെ പുനരുദ്ധാരണത്തിനുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2371 വീടുകൾ ഏറ്റെടുക്കുകയും ആയതിൽ 743 വീടുകൾ പൂർത്തീകരിക്കുകയും ശേഷിക്കുന്നവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു. 2022–23 വർഷം 1500 വീടുകൾ ഭവന പുനരുദ്ധാരണത്തിനായി നടപ്പുവർഷം ആരംഭിച്ച SAFE പദ്ധതിയിൻകീഴിൽ നടപ്പിലാക്കി വരുന്നു.

കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 39276 പേർക്ക് 49094.35 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1647 പേർക്ക് 1752.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5542 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 280 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും 109.259 ഹെക്ടർ ഭൂമി കൂടി ഗുണഭോക്താക്കൾക്ക് പതിച്ചു നൽകുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി 1254 പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലാന്റ് ബാങ്ക് പദ്ധതി പ്രകാരം പത്തനംതിട്ട, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി 13.72 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലായി 24.83 ഏക്കർ ഭൂമി വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഗ്രാമസഭ, എസ്.ഡി.എൽ.സി., ഡി.എൽ.സി മുമ്പാകെ പെന്റിംഗിലുള്ള 3535 അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനത്തിനാവശ്യമായ നയപരമായ കാര്യങ്ങൾക്കും, പ്രോജക്ടുകളുടെ അംഗീകാരത്തിനും, മിഷൻ പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഉന്നതാധികാര മിഷൻ കമ്മിറ്റിയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചീഫും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സ്പെഷ്യൽ ഓഫീസറുമായി സംസ്ഥാനതല മിഷനും, ഭൂമി വിതരണത്തിന്റെയും വികസന പ്രവർത്തനങ്ങളുടെയും ജില്ലാതല ഏകീകരണത്തിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ജില്ലാ മിഷനുകളും പ്രവർത്തിക്കുന്നു.

ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.

ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 39276 പേർക്ക് 49094.35 ഏക്കർ ഭൂമിയും, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1647 പേർക്ക് 1752.25 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5542 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 280 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**